അസ്ഥികളും അൻറാർട്ടിക്കയിൽനിന്നു കിട്ടിയിട്ടുണ്ട്. ആസ്ട്രേലിയയും അൻറാർട്ടിക്കയും ഒരൊററ വൻകരയായിരുന്നു എന്നതിനു തെളിവാണ് ഇവയിൽ ചില അസ്ഥികൾ.

ഭൂമി ഏതു കാലത്തും ഇന്നത്തെ നിലയിലായിരുന്നില്ലെന്നും മനുഷ്യൻ ഭൂമിയിൽ ആധിപത്യം സ്ഥാപിച്ചിട്ടു വളരെ ഹ്രസ്വമായ ഒരു കാലഘട്ടമേ കഴിഞ്ഞിട്ടുള്ളു എന്നും നാം അറിഞ്ഞിരിക്കുന്നതു നല്ലതാണ്. ചുററുപാടുകളുമായി സൗമ്യതയോടെ പ്രതികരിക്കാനും മററു ജീവജാലങ്ങളോടു കൂടുതൽ അനുഭാവത്തോടെ പെരുമാറാനും ആവശ്യമായ വിവേകം ഈ വിജ്ഞാനത്തിൽനിന്നു മനുഷ്യനു ഉളവായേക്കാം.

27 ഫെബ്രുവരി, 1989

# 57. അമേരിക്ക ഗർഭച്ഛിദ്രത്തിനെതിരെ

ആധുനിക വൈദ്യശാസ്ത്രമുറകൾ അനുസരിച്ചുള്ള ഗർഭച്ഛിദ്രത്തിന് (മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി—എം. ടി. പി.) ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾ നിയമസാധുത നൽകിയിട്ടുള്ളതു മുഖ്യമായും മൂന്നു കാരണങ്ങൾ മുൻനിർത്തിയാണ്:

1. അപായരഹിതമായ ഗർഭച്ഛിദ്രത്തിന് ആശുപത്രികളിൽ സൗകര്യം നൽകാത്തപ്പോൾ ഗർഭിണികൾ അപരിഷ്കൃതങ്ങളായ ഗർഭച്ഛിദ്രമാർഗങ്ങൾ അവലംബിക്കുകയും അതിൻഫലമായി പല അവശതകൾക്കും മരണത്തിനുതന്നെയും വിധേയരാവുകയുംചെയ്യുന്നു.

2. ത്വരിതമായ ജനസംഖ്യാസ്ഫോടനം തടയുന്നതിനുള്ള ഏററവും ഫലപ്രദമായ മാർഗം ഗർഭച്ഛിദ്രത്തെ നിയമവിധേയവും സുലഭവുമാക്കുകയാണ്.

3. തൻെറ ശരീരത്തിനകത്ത് ഒരു കുഞ്ഞിനെ നിശ്ചിത കാലത്തോളം വളർത്തി പ്രസവിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള ആത്യന്തികമായ അവകാശം സ്ത്രീയുടേതാണ്. ആ അവകാശത്തിൽ സർക്കാർ കൈകടത്തിക്കൂടാ.

ബ്രിട്ടനിലെ ഗർഭച്ഛിദ്രനിയമത്തിൻെറ ഏറെക്കുറെ നേർപകർപ്പാണ് ഇന്ത്യയിലെ ഗർഭച്ഛിദ്രനിയമം. ബ്രിട്ടനിൽ ഗർഭച്ഛിദ്രം നിയമവിധേയമാക്കിയതു 1967–ൽ ആയിരുന്നു. ഡേവിഡ് സ്റ്റീൽ എന്ന മെമ്പർ അവതരിപ്പിച്ച ബിൽ നിയമമാക്കിക്കൊണ്ട് ആ ആണ്ടിൽ പാർലമെൻറ്, താൻ പേറുന്ന ഗർഭം ചില പ്രത്യേക പരിതഃസ്ഥിതികളിൽ അവസാനിപ്പിക്കാനുള്ള സ്ത്രീയുടെ അവകാശം അംഗീകരിച്ചു.

അമേരിക്കൻ ഐക്യനാടുകളിൽ ഗർഭച്ഛിദ്രത്തിനു നിയമസാധുത കൈവന്നതു 1973–ാമാണ്ടിലായിരുന്നു. അമേരിക്കൻ ഭരണഘടനയുടെ പതിന്നാലാം ഭേദഗതി അനുസരിച്ച് അമേരിക്കയിലെ പൗരന്മാർക്കു നൽകപ്പെട്ടിരിക്കുന്ന 'വ്യക്തിപരമായ സ്വാതന്ത്ര്യ'ത്തിൽ (പേഴ്സണൽ ലിബർട്ടി) 'സ്വൈരത്തിനുള്ള അവകാശം' (റൈററ് ടു പ്രൈവസി) കൂടി അടങ്ങുന്നു. താൻ ശരീരത്തിൽ ധരിക്കുന്ന ഗർഭം അവസാനിപ്പിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിനുള്ള സ്ത്രീയുടെ അവകാശത്തെക്കൂടി ഉൾക്കൊള്ളുമാറു വിപുലമാണ് 'സ്വൈരത്തിനുള്ള അവകാശം' എന്ന് 1973–ൽ 'വെയ്ഡിനെതിരെ റോ' (Roe Vs. Wade) എന്ന കേസ്സിൽ അമേരിക്കൻ സുപ്രീംകോടതിയിലെ അസോസിയേററ് ജസ്റ്റിസ് ഹാരി ബ്ലാക്മൺ പ്രസ്താവിച്ച വിധിയെ സുപ്രീംകോടതിയിലെ ഏഴ് ജഡ്ജിമാർ അനുകൂലിക്കുകയും രണ്ടു ജഡ്ജിമാർ എതിർക്കുകയുംചെയ്തു.

അമേരിക്കയിൽ ഗർഭച്ഛിദ്രം സംബന്ധിച്ച നിയമങ്ങൾ നിർമിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്കാകുന്നു. ഭ്രൂണത്തിനു മൂന്നു മാസം തികയും മുമ്പു നടത്തുന്ന ഗർഭച്ഛിദ്രങ്ങളുടെമേൽ സംസ്ഥാനങ്ങൾ ഒരു നിയന്ത്രണവും ചുമത്തേണ്ടതില്ലെന്നും, മൂന്നു മാസം തികഞ്ഞതുമുതൽ ആറു മാസം തികയുംവരെയുള്ള കാലഘട്ടത്തിൽ ഏതാനും നിയന്ത്രണങ്ങളും ആറുമാസത്തിനു മേല്പോട്ടുള്ള കാലഘട്ടത്തിൽ കുറെക്കൂടി നിയന്ത്രണങ്ങളും ഗർഭച്ഛിദ്രത്തിന്മേൽ സംസ്ഥാനങ്ങൾക്കു ചെലുത്താമെന്നും ജസ്റ്റിസ് ബ്ളാക്മണ്ണിന്റെ വിധിന്യായത്തിൽ പ്രസ്താവിച്ചിരുന്നു. ആറാം മാസത്തിനുശേഷം ഭ്രൂണത്തിന് ഏറെക്കുറെ സ്വയം ജീവനക്കഴിവ് (വയബിലിററി) കൈവരുമെന്നതായിരുന്നു ഇതിന് ഉന്നയിക്കപ്പെട്ട യുക്തി.

ജസ്റ്റിസ് ബ്ളാക്മണ്ണിന്റെ വിധിയെ അന്ന് അമേരിക്കയുടെ പ്രസിഡണ്ടായിരുന്ന റോണാൾഡ് റേയ്ഗൻ പരസ്യമായി എതിർത്തു. ഇപ്പോൾ അമേരിക്കയുടെ പ്രസിഡണ്ടായ ജോർജ് ബുഷും ആ വിധിക്കു താൻ എതിരാണെന്നു പ്രസ്താവിച്ചിട്ടുണ്ട്.

പതിനാറു വർഷങ്ങൾക്കുശേഷം 1989 ജൂലൈ 4–ാം തീയതി പ്രസ്താവിച്ച ഒരു വിധിന്യായത്തിലൂടെ അമേരിക്കൻ സുപ്രീംകോടതി ഗർഭച്ഛിദ്രം സംബന്ധിച്ച തങ്ങളുടെ മുൻ തീരുമാനം തിരുത്തിക്കുറിച്ചിരിക്കുന്നു. ഗർഭധാരണനിമിഷംമുതൽ ഭ്രൂണത്തിന്റെ ജീവൻ സംരക്ഷിക്കുന്നതിനു പ്രഥമ പരിഗണന നൽകിക്കൊണ്ട് ഗർഭച്ഛിദ്രം സംബന്ധിച്ച നിയമങ്ങൾ നിർമിക്കുവാൻ സുപ്രീംകോടതിയുടെ പുതിയ തീരുമാനം അമേരിക്കയിലെ അമ്പതു സ്റ്റേററുകൾക്കും അനുവാദം നൽകുന്നു. 1973–ൽ ബ്ളാക്മണ്ണിന്റെ വിധിയെ എതിർത്ത രണ്ടു സുപ്രീംകോടതി ജഡ്ജിമാരിൽ ഒരാളായ ജസ്റ്റിസ് വില്യം റേൻക്വിസ്റ്റ് (ഇദ്ദേഹം ഇപ്പോൾ അമേരിക്കയുടെ ചീഫ് ജസ്റ്റിസ് ആണ്) പ്രസ്താവിച്ച പുതിയ വിധിന്യായത്തെ അഞ്ചു സുപ്രീംകോടതി ജഡ്ജിമാർ അനുകൂലിക്കുകയും നാലു സുപ്രീംകോടതി ജഡ്ജിമാർ എതിർക്കുകയുംചെയ്തു. അങ്ങനെ ഒരൊററ ആളുടെ ഭൂരിപക്ഷത്തോടെ നിയമമായിത്തീർന്ന വിധിന്യായത്തിൽ ചീഫ് ജസ്റ്റിസ് റേൻക്വിസ്റ്റ് പറയുന്നു:

'ഗർഭച്ഛിദ്രം നടത്തുകയെന്ന ബിസിനസിൽ സംസ്ഥാന ഭരണകൂടങ്ങൾ പ്രവേശിക്കുകയോ തുടരുകയോ ചെയ്യണമെന്നു ഭരണഘടനയിലെ ഒരു വകുപ്പും ആവശ്യപ്പെടുന്നില്ല. ഗർഭച്ഛിദ്രം നടത്തുന്നതിനു പൊതുസൗകര്യങ്ങൾ (ആശുപത്രികൾ മുതലായവ) ഉപയോഗപ്പെടുത്താൻ ഭരണഘടനാപരമായ ഒരു അവകാശവും സ്വകാര്യ ഡോക്ടർമാർക്കോ അവരുടെ രോഗികൾക്കോ ഇല്ല.'

ഗർഭച്ഛിദ്രം സംബന്ധിച്ച 1973–ലെ വിധിന്യായം എഴുതിയ അസോസിയേററ് ജസ്റ്റിസ് ഹാരി ബ്ളാക്മൺ പുതിയ വിധിന്യായത്തെപ്പററി ബെഞ്ചിൽ ഇരുന്നുകൊണ്ടുതന്നെ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

'ഭാവിയെപ്പററി ഞാൻ ഭയപ്പെടുന്നു. 1973–ലെ തീരുമാനത്തിനുശേഷം ഇക്കഴിഞ്ഞ പതിനാറു വർഷങ്ങൾക്കുള്ളിൽ പ്രായപൂർത്തിയെത്തിയ ദശലക്ഷക്കണക്കിനു സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും സമത്വത്തെയും സംബന്ധിച്ചാണ് എന്റെ ഭയം. മാത്രമല്ല, ഈ കോടതിയുടെ അഖണ്ഡതയെയും പൊതുജനമതിപ്പിനെയും പററിയും ഞാൻ ഭയപ്പെടുന്നു.'

സുപ്രീംകോടതിയിലെ മിതവാദികളും ഉദാരവാദികളുമായ ജഡ്ജിമാരെ ന്യൂനപക്ഷമാക്കി മാററുന്നതിനുവേണ്ടി യാഥാസ്ഥിതികനായ പ്രസിഡണ്ട് റോണാൾഡ് റെയ്ഗൻ യാഥാസ്ഥികജഡ്ജിമാരെക്കൊണ്ടു സുപ്രീംകോടതി നിറച്ചതിന്റെ (പാക്കിംഗ്) ഫലമാണ് പുതിയ വിധിന്യായമെന്നു നിരീക്ഷകർ പറയുന്നു.

'പിറക്കാത്ത ജീവനു സംരക്ഷണം നൽകുന്നതിനുള്ള കഴിവ് ജനങ്ങൾക്കു തിരിച്ചു നൽകിയിരിക്കുന്നു' എന്നാണ് പുതിയ വിധിന്യായത്തെപ്പററി പ്രസിഡണ്ട് ജോർജ് ബുഷ് പ്രസ്താവിച്ചതു്. ഇതിനർത്ഥം, ഗർഭച്ഛിദ്രത്തെമാത്രമല്ല, സന്താനനിയന്ത്രണത്തെക്കൂടി നിയന്ത്രിക്കുകയോ തടയുകയോചെയ്യുക ഭാവി

യിൽ അമേരിക്കയുടെ ഔദ്യോഗികനയമായിക്കൂടെന്നില്ലെന്നാണ്. കത്തോലിക്കർ മാത്രമല്ല, മററു മതവിഭാഗങ്ങളിലെ മൗലികവാദികളും അമേരിക്കയിൽ സന്താനനിയന്ത്രണത്തിനെതിരാണ്. ഗർഭച്ഛിദ്രത്തെ അവർ അനുകൂലിക്കില്ലെന്നു പറയേണ്ടതുമില്ല. അണ്ഡസേചനം (ഫെർട്ടിലൈസേഷൻ) നടക്കുന്ന നിമിഷത്തിൽ ഭ്രൂണത്തിനു ജീവൻ കൈവരികയും അതു് ഒരു വ്യക്തിയായിത്തീരുകയും ചെയ്യുന്നു എന്നാണ് മൗലികവാദികൾ വിശ്വസിക്കുന്നതു്. ഈ വിശ്വാസം പുലർത്തുന്നവരുടെ ദൃഷ്ടിയിൽ കൃത്രിമമാർഗങ്ങളിലൂടെ ഗർഭോല്പാദനം തടയുന്നതു് 'ജീവിക്കാനുള്ള അവകാശം നിഷേധിക്കുക' എന്ന പാപകൃത്യമാകാതെ വയ്യല്ലോ.

റേൻക്വിസ്റ്റിന്റെ വിധിന്യായപ്രകാരം അമേരിക്കയിൽ സർക്കാർവക ആസ്പത്രികളിലും ക്ലിനിക്കുകളിലും നടത്തുന്ന ഗർഭച്ഛിദ്രംപോലെ സർക്കാർവക സ്ഥലത്തു സ്ഥാപിക്കപ്പെട്ട പ്രൈവററ് ആസ്പത്രികളിലും ക്ലിനിക്കുകളിലും വച്ചു നടത്തുന്ന ഗർഭച്ഛിദ്രവും നിയമവിരുദ്ധമായിക്കൂടായ്കയില്ലെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

1989 ജൂൺ 4-ാം തീയതി 'വാഷിങ്ടൺ പോസ്റ്റ്' എന്ന പ്രചുര പ്രചാരമുള്ള പത്രം പ്രസിദ്ധീകരിച്ച പത്രാധിപക്കുറിപ്പിൽനിന്ന് ഏതാനും വാക്യങ്ങൾ ഉദ്ധരിക്കാം:

'അമേരിക്കൻ ഐക്യനാടുകളിലെ സ്റ്റേററ് നിയമസഭകൾക്ക് മാർഗതടസ്സങ്ങൾ നീങ്ങിക്കിട്ടിയ കാലമാണ് ഇനി കൂടുതൽ കർശനമായ ഗർഭച്ഛിദ്രനിയന്ത്രണങ്ങൾക്കും ഗർഭച്ഛിദ്രത്തിന് സർക്കാർ നൽകുന്ന സൗകര്യങ്ങൾ അങ്ങേയററം പരിമിതപ്പെടുത്തുന്നതിനും അമ്മയുടെ ക്ഷേമത്തെക്കാൾ എത്രയോ കൂടുതൽ ഊന്നൽ ഭ്രൂണത്തിന്റെ ക്ഷേമത്തിനുനൽകുന്നതിനു വേണ്ടി ഗർഭച്ഛിദ്രവിരുദ്ധശക്തികൾ സ്റ്റേററ് സർക്കാരുകളുടെമേൽ സമ്മർദം ചെലുത്തും. ഇന്നലത്തെ അഭിപ്രായങ്ങളിലെ മുദ്രഭാഗങ്ങൾ തിരഞ്ഞു കണ്ടെത്തി, അവയെ അവർ പിന്തുടരും. ഭരണഘടനാപരമായി സുസ്ഥാപിതമായിക്കഴിഞ്ഞ ഒരു അധികാരത്തെ ചെത്തിച്ചെറുതാക്കാൻ ആഗ്രഹിക്കുന്നവർക്കു പ്രോത്സാഹനം നൽകുകയാണ് ഈ വൈകിയ വേളയിൽ കോടതി ചെയ്തിട്ടുള്ളതു്; ഒപ്പം ഒരു രാഷ്ട്രീയസമരം പുനരാരംഭിക്കുകയും. സ്റ്റേററ് നിയമസഭകളിലും കോടതികളിലും ഇനി ഘോരമായ ഒരു സമരം വർഷങ്ങളോളം നടക്കും.

അമേരിക്കയിലെ ഇരുപത്തിനാലു സ്റ്റേററുകളെങ്കിലും ഗർഭച്ഛിദ്രം നിയമവിരുദ്ധമാക്കുന്ന നിയമം പാസ്സാക്കാനിടയുണ്ടെന്നു പറയപ്പെടുന്നു ഗർഭച്ഛിദ്രത്തിനെതിരായ അമേരിക്കൻ നിലപാടിനു യൂറോപ്പിലും വ്യാപകമായ പിന്തുണ ലഭിച്ചേക്കാം. ദരിദ്രരാജ്യങ്ങളിലെ കുടുംബാസൂത്രണ പരിപാടികൾക്ക് അമേരിക്ക നൽകിവരുന്ന സഹായം വലിയതോതിൽ വെട്ടിക്കുറയ്ക്കപ്പെട്ടുകൂടെന്നുമില്ല.

14 ജൂലൈ, 1989

# 58. ഗോറില്ല

കരങ്ങുകളെ കാണാൻ എനിക്ക് ഇഷ്ടമാണ്. അവയുടെ ചേഷ്ടകൾ നോക്കി നിൽക്കുമ്പോൾ സമയം പോകുന്നതു് ഞാൻ അറിയാറില്ല. എന്റെ ചെറുപ്പകാലത്തു് നാട്ടിൻപുറങ്ങളിൽ കരങ്ങുകളെ ധാരാളമായി കാണാമായിരുന്നു. കൂട്ടത്തിൽനിന്നു തെററിവന്ന് നാട്ടുകാർക്കു കുറെയൊക്കെ ദ്രോഹം ചെയ്തിരുന്ന ഒരു വലിയ മുറിവാലൻ കുരങ്ങ് ഞങ്ങളുടെ ഗ്രാമത്തിലുണ്ടായിരുന്നു. ആരുടെ ആവശ്യപ്രകാരമാണെന്നറിയില്ല, എവിടെനിന്നോ വന്ന ഒരു തോക്കുകാരൻ ഈ കുരങ്ങിനെ വെടിവച്ചുകൊന്നു കൊണ്ടുപോയി. അന്നു കുട്ടികളായിരുന്ന ഞങ്ങൾക്ക് അന്നു